ശ്രീ. എം. പി. ഗോവിന്ദൻ നായർ : തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കഴൽക്കിണറുകളെല്ലാം ഉപയോഗശൂന്യമായി കിടക്കുകയാണെന്നു പറയുന്നതു് ശരിയല്ല. നന്നായി പ്രവർത്തിക്കുന്ന കിണറുകളുമുണ്ടു്. ശാസ്താംകോട്ടനിന്നു വെള്ളമെടുത്തു് വിതരണം നടത്താൻ ഒരു പദ്ധതിയുണ്ടു്. അതു് ഏതെല്ലാം പ്രദേശത്തേക്കാണെന്നു് ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ധർമ്മസ്ഥാപനങ്ങൾ

* 149. [4] ശ്രീ. പി. എസ്സു്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തുള്ള ധർമ്മസ്ഥാപനങ്ങൾക്കു് ആകെ എത്രതുക ഒരു വർഷത്തിൽ സഹായധനമായി നൽകുന്നുണ്ടു് ;

(ബി) ഏതെല്ലാം ധർമ്മസ്ഥാപനങ്ങൾക്കാണു് സഹായം നൽകുന്നതു് ; എത്രവീതം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(ഇതു സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കിട്ടിയിട്ടില്ല. കിട്ടിയിട്ടുള്ള വിവരമനുസരിച്ചു് മറുപടി പറയാം.)

(എ) 1,12,029 രൂപ. (ഈ സംഖ്യയിൽ തൃശ്ശൂർ ജില്ലയിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടുന്നില്ല.)

(ബി)

1.	ധർമ്മഗിരിമന്ദിരം, ആലപ്പുഴ	രൂപ	5,220
2.	ശ്രീ ചിത്തിരമന്ദിരം, ആലപ്പുഴ		
3.	ഡി. ഈ. എം. ബോയിസു് ആർഫനേജു്, പറച്ചേരി, തിരൂർ താലൂക്കു്	രൂപ	8,670
4.	ധർമ്മപാലനസംഘം, തിരൂർതാലൂക്കു്	രൂപ	17,051
5.	യത്തീംഖാന, തിരൂരങ്ങാടി	രൂപ	48,000
6.	കസ്തൂർബാ ബാലികാസദനം, കോഴിക്കോടു്	രൂപ	10,384
7.	ലിറ്റിൽ ഫ്ളവർ സ്കൂളിനോടനുബന്ധിച്ചുള്ള ആതുരാലയം, ചെറുവണ്ണൂർ, കോഴിക്കോടു്	രൂപ	720
8.	ബാലികാസദനം, വരപ്പുൽ, കോഴിക്കോടു്	രൂപ	13,800
9.	അനാഥമന്ദിരം, വരപ്പുൽ, കോഴിക്കോടു്	രൂപ	8,184

ശ്രീ. പി. എസ്സു്. കാർത്തികേയൻ : മുഴുവൻ വിവരവും കിട്ടാൻ എന്താണു താമസ്സം ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുഴുവൻ വിവരവും ശേഖരിച്ചു കിട്ടിയിട്ടില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : എന്തു മാനദണ്ഡമനുസരിച്ചാണു് ഈ ഗ്രാൻറു കൊടുക്കുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതുസംബന്ധിച്ചുള്ള മുഴുവൻ വിവരവും കിട്ടാതെ മറുപടി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. ഫ്രാൻസിസ്: തൃശ്ശൂർ ഡിസ്ട്രിക്റ്റിലെ വിവരം കിട്ടിയിട്ടില്ലെന്നു പറഞ്ഞു. അതു് ശേഖരിക്കാത്തതുകൊണ്ടാണോ, അതോ കിട്ടാത്തതുകൊണ്ടാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വിവരം കിട്ടാത്തതുകൊണ്ടാണു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഈ അനാഥശാലകൾക്കു് ഗ്രാന്റു കൊടുക്കുന്നതിനു് വല്ല പ്രത്യേക മാനദണ്ഡവുമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുഴുവൻ ഡീറെയിൽസ് ലഭിക്കാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇതേസംബന്ധിച്ചുള്ള വിവരം കിട്ടിയിട്ടില്ലെന്നു പറഞ്ഞു. ഐ. ജി. ആഫ് പ്രിസൺസ് ആണു് ഈ സഹായധനം കൊടുക്കുന്ന ഏജൻസി. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ കൊടുത്ത സഹായധനത്തിന്റെ പട്ടിക ഐ. ജി. ആഫ് പ്രിസൺസ് ആഫീസിൽ നിന്നു ലഭിക്കുന്നതാണു്, അങ്ങനെയുള്ള ഈ കാര്യത്തിൽ വിവരം ശേഖരിക്കാൻ എന്താണു് പ്രയാസം ? രണ്ടാമതായി ഓരോ കുട്ടിക്കും കൊടുത്തുവന്നിരുന്ന സംഖ്യ ഈ സാമ്പത്തികവർഷത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ ? അതേ സംബന്ധിച്ചു് വ്യക്തമായി പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ബഹു. മെമ്പർ ഇപ്പോഴും പറഞ്ഞതു് ആർഫനേജിനെ ബാധിക്കുന്ന കാര്യമാണു്. ഇവിടെ ചോദിച്ചിരിക്കുന്നതു് ധർമ്മസ്ഥാപനങ്ങളുടെ കാര്യമാണു്. അതു് പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കിട്ടേണ്ട വിവരമാണു്. മുഴുവൻ വിവരവും ശേഖരിച്ചുകഴിഞ്ഞിട്ടില്ല.

ജപ്പാൻ കൃഷിസമ്പ്രദായം

* 150. [5] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കൃഷിസമ്പ്രദായം പരിശീലിപ്പിക്കാൻ ജപ്പാനീസ് ടീമിന്റെ മേൽനോട്ടത്തിൽ കേരളത്തിൽ വല്ല പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സാമാന്യരൂപം എന്തു് ;

(സി) എവിടെയാണു് ഇതു നടപ്പിലാക്കുന്നതു് ;

(ഡി) എത്രപേർക്കു് പരിശീലനം നൽകപ്പെട്ടു ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ) ജപ്പാൻ കൃഷിസമ്പ്രദായം പരിശീലിപ്പിക്കാൻ ജാപ്പനീസ് ടീമിന്റെ മേൽനോട്ടത്തിൽ ഒരു പദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടു്.

(ബി) ആലുവായ്ക്കടുത്തുള്ള ചെങ്ങമനാടു് "സീഡ്ഫാമിൽ" 10 ഏക്കർ സ്ഥലത്തു് ജപ്പാനിൽനിന്നും വരുന്ന നാലു കുടുംബം, ജപ്പാനിൽ നടപ്പുള്ളരീതിയനുസരിച്ചു് കൃഷി ചെയ്യുവാനാണു് ഉദ്ദേശിയ്ക്കുന്നതു്. രണ്ടാമത്തെ വർഷംമുതൽ അവരുടെ കൃഷിരീതി, 25 ആളുകൾ വീതമുള്ള ഓരോ സംഘത്തിനെ പഠിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടു്.

(സി) ഇതു് ആലുവായ്ക്കടുത്തുള്ള ഗവണ്മെന്റുവക ചെങ്ങമനാടു് "സീഡ്ഫാമി" ലാണു് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതു്.

(ഡി) ഒരേസമയത്തു് 25 പേർക്കു് പരിശീലനം നൽകാനാണു് ഉദ്ദേശിക്കുന്നതു്. ഇപ്രകാരം വർഷംതോറും രണ്ടു കോഴ്സുകൾ ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. കെ. ആർ. വിജയൻ : ഈ സീഡ്ഫാമുകൾക്കു് ആവശ്യമായ ചെലവുകൾ കേന്ദ്രഗവണ്മെന്റാണോ, സംസ്ഥാന ഗവണ്മെന്റാണോ വഹിക്കുന്നതെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly